"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2018 ലെ പ്രളയം ബാധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ഇൻസന്റീവ് നൽകുന്നതിലേയ്ക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സമിതി രൂപീകരിച്ചും സമിതിയുടെ പരിഗണനാ വിഷയങ്ങൾ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

**സ.ഉ.(സാധാ) നം.1105/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,**

30/05/2019

പരാമർശം:- സംസ്ഥാന ആസൂത്രണബോർഡ് മെമ്പറിന്റെ 07/05/2019 ലെ എസ്.പി.ബി.1076/2018- ഡി.പി.ഡി നമ്പർ കുറിപ്പ്.

## ഉത്തരവ്

2018 ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇൻസന്റീവ് നൽകുന്നതിനുവേണ്ടി 2019-20 ലെ സംസ്ഥാന ബഡ്ജറ്റിൽ 250 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ജീവനോപാധി പുനഃസ്ഥാപനപാക്കേജ് നടപ്പാക്കുന്നതിനും പ്രളയത്തിൽ തകർന്നതും കേടുപാടുകൾ സംഭവിച്ചതും ആയ ആസ്തികളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി വകയിരുത്തിയിട്ടുള്ള ടി തുക അർഹതപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചുകൊണ്ടും സമിതിയുടെ പരിഗണനാ വിഷയങ്ങൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | ഡോ.ഡി.നാരായണ<br><br>ഡയറക്ടർ<br><br>ഗുലാട്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ<br><br>ശ്രീകാര്യം, തിരുവനന്തപുരം | അദ്ധ്യക്ഷൻ |
| 2 | ഡോ.കെ.എൻ.ഹരിലാൽ<br><br>മെമ്പർ<br><br>സംസ്ഥാന ആസൂത്രണ ബോർഡ്<br><br>തിരുവനന്തപുരം | അംഗം |
| 3 | ഡോ.ശേഖർ.എൽ. കര്യാക്കോസ്<br><br>മെമ്പർ സെക്രട്ടറി<br><br>സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി<br><br>തിരുവനന്തപുരം | അംഗം |

| | | |
|---|---|---|
| 4 | ശ്രീ.കെ.ഗോപാലകൃഷ്ണ ഭട്ട്. ഐ.എ.എസ്<br><br>സെക്രട്ടറി<br><br>തദ്ദേശ സ്വയംഭരണ വകുപ്പ്<br><br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്<br><br>തിരുവനന്തപുരം | അംഗം |
| 5 | ഡോ. കെ.പി.രഘുനാഥ മേനോൻ<br><br>ഡയറക്ടർ<br><br>കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ<br><br>തിരുവനന്തപുരം | അംഗം |
| 6 | ശ്രീ.എസ്.ആർ.സനൽകുമാർ<br><br>ചീഫ്(ഇൻ ചാർജ്ജ്)<br><br>വികേന്ദ്രീകൃതാസൂത്രണ വിഭാഗം<br><br>സംസ്ഥാന ആസൂത്രണ ബോർഡ് | കൺവീനർ |

പ്രസ്തുത സമിതിയുടെ പരിഗണനാ വിഷയങ്ങൾ താഴെ ചേർക്കുന്നു:

I. 2018-ലെ പ്രളയം സാരമായി ബാധിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഇൻസന്റീവ് നൽ കുന്നതിന് 2019-20 ലെ സംസ്ഥാന ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്ന 250 കോടി രൂപയിൽ നിന്നും വിഹിതം ലഭിക്കുന്നതിന് അർഹതപ്പെട്ട ഗ്രാമപഞ്ചായത്തുകളെയും നഗരഭരണ സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുക.

II. മേൽ പ്രകാരം ഇൻസെന്റീവിന് അർഹതയുള്ളതായി കണ്ടെത്തുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ബജറ്റിൽ ഇതിനായി നീക്കി വച്ചിരിക്കുന്ന 250 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും അതിൻപ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും നൽകേണ്ട തുക സംബന്ധിച്ചും നിർദ്ദേശം സമർപ്പിക്കുക.

സമിതി 15 ദിവസങ്ങൾക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.മിത്ര.റ്റി.ഐ.എ.എസ്

സെക്രട്ടറി, തദ്ദേശ സ്വയംഭരണ (നഗരകാര്യ) വകുപ്പ് I/C

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം,

മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ് & ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്

ഡോ.ഡി.നാരായണ,ഡയറക്ടർ, ഗുലാട്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ, ശ്രീകാര്യം,

തിരുവനന്തപുരം

ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ,സംസ്ഥാന ആസൂത്രണ ബോർഡ്,തിരുവനന്തപുരം

ഡോ.ശേഖർ.എൽ. കുര്യാക്കോസ്,മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

തിരുവനന്തപുരം

ശ്രീ.കെ.ഗോപാലകൃഷ്ണ ഭട്ട്. ഐ.എ.എസ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

ഡോ. കെ.പി.രഘുനാഥ മേനോൻ, ഡയറക്ടർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ്

എൻവയോൺമെന്റ് സെന്റർ, തിരുവനന്തപുരം

ശ്രീ.എസ്.ആർ.സനൽകുമാർ, ചീഫ്(ഇൻ ചാർജ്ജ്), വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന

ആസൂത്രണ ബോർഡ്

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (ബഡ്ജറ്റ് വിംഗ്-ജെ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശ സ്വയംഭരണ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്